LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: നമുക്ക് ഏറ്റവും അധികം തൊഴിൽ സാദ്ധ്യതയുള്ള ഒരു രംഗമാണ് കാൾ സെന്റേഴ്സ്. ഈ കാൾ സെന്ററുകളിൽ പെൺകുട്ടികൾക്ക് ഏറെ ജോലി കിട്ടും. ഒരൊറ്റ ആവശ്യമേയുള്ളു, ഇംഗ്ലീഷ് ആക്സെന്റ് ആവശ്യമാണ്. അതുകൊണ്ട് കാൾ സെന്റേഴ്സ് കേരളത്തിൽ കൊണ്ടുവരണമെന്നുണ്ടെങ്കിൽ നല്ല ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന പെൺകുട്ടികൾ വേണം. അതിനുവേണ്ടി അവർക്ക് ട്രെയിനിംഗ് കൊടുക്കണം. നമ്മുടെ പല കോളേജുകളിലും ഇന്നുള്ള ഇംഗ്ലീഷ് ആക്സെന്റ് പോര. അതുകൊണ്ട് കാൾ സെന്റേഴ്സിൽ പെൺകുട്ടികളെ റിക്രൂട്ട് ചെയ്യുന്നതിനും അവർക്ക് ട്രെയിനിംഗ് കൊടുക്കുന്നതിനും പ്രത്യേക സംവിധാനം ഐ.റ്റി. ഡിപ്പാർട്ടുമെന്റ് എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ കാൾ സെന്ററുകൾ ഏറ്റവും പ്രധാനപ്പെട്ട ഒരു തൊഴിൽദാന മേഖലയാണ്. പ്രത്യേകിച്ച് അധികം പഠിപ്പൊന്നും ആവശ്യമില്ല. നന്നായി ഇംഗ്ലീഷ് സംസാരിക്കാൻ അറിഞ്ഞാൽ മതി. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമൊക്കെ കിട്ടും. നമ്മുടെ ആദ്യത്തെ കാൾ സെന്റർ കമ്പനി ടെക്നോപാർക്കിൽ 500 ആളുകൾക്ക് ജോലി കൊടുത്ത് ഉടനെതന്നെ പ്രവർത്തനം ആരംഭിക്കുകയാണ്. ഇതിൽ 24 മണിക്കൂറും വർക്ക് ചെയ്യാനായി മുന്നോട്ട് വരുന്ന ചെറുപ്പക്കാർക്ക് അതിനുള്ള സൗകര്യം വേണം. രാത്രിയും പകലുമൊക്കെ വർക്ക് ചെയ്യണം. കേരളത്തിൽ ഇതിനെക്കുറിച്ചുള്ള സമീപനം മാറണം. അതുപോലെ ഇംഗ്ലീഷ് ആക്സെന്റ് മെച്ചപ്പെടുത്തണം. അങ്ങനെയൊക്കെ വരികയാണെങ്കിൽ നിരവധി ആളുകൾക്ക് പെട്ടെന്ന് ജോലി കൊടുക്കാവുന്ന ഒരു മേഖലയാണ് കാൾ സെന്റർ. മെമ്പർ പറഞ്ഞത് ശരിയാണ്.

കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ നടപടി

*3 [342] ശ്രീ. കെ. സി. വേണുഗോപാൽ:
„ എൻ. ശക്തൻ:
„ കെ. മോഹൻകുമാർ:
„ എ. കെ. മണി:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) 2003-2004-ലെ കണക്കനുസരിച്ച് ലാഭം/നഷ്ടം എത്രയെന്ന് അറിയിക്കാമോ;

(സി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ആയത് ലാഭത്തിലാക്കുവാൻ എന്തെല്ലാം പരിപാടികൾ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ,

(എ) ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) 2003-2004-ലെ ലാഭനഷ്ട കണക്ക് പൂർത്തിയായിട്ടില്ല. 2003-2004-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ച് നഷ്ടം 132.22 കോടി രൂപയാണ്.

(സി) ചെലവുകൾ പരമാവധി കുറയ്ക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ശ്രമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി വൈദ്യുതി, ടെലഫോൺ, സ്റ്റാഫ് കാർ തുടങ്ങിയവയുടെ ഉപയോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. കളക്ഷൻ തീരെ കുറഞ്ഞ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് കളക്ഷൻ ലഭിക്കുന്ന രീതിയിൽ ആക്കുന്നുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കാതെ നിയമനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. മോഹൻകുമാർ: 110 കോടിയോളം യാത്രക്കാർ പ്രതിവർഷം ട്രാൻസ്പോർട്ട് ബസ്സിനെ അശ്രയിക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സമയക്ലിപ്തത പാലിക്കാതെയും സർവ്വീസ് ക്യാൻസലേഷനുകൾ തുടരെത്തുടരെ ആവർത്തിച്ചും വഴിവക്കിൽ നിൽക്കുന്ന സ്ഥിരം യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന സംവിധാനം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഭാഗികമായി ശരിയാണ്. ഷെഡ്യൂൾ ക്യാൻസലേഷൻ ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ട്. വണ്ടികളുടെ പഴക്കം കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഷെഡ്യൂൾ ക്യാൻസലേഷൻ കുറഞ്ഞിട്ടുണ്ട്. റോഡിൽ നിൽക്കുന്ന യാത്രക്കാരെ കയറ്റാതെ പോകുന്നുവെന്ന പരാതി കാര്യമായിട്ട് ഇപ്പോഴില്ല. ജീവനക്കാർ വളരെ കാര്യമായി സഹകരിക്കുന്നുണ്ട്. മുമ്പൊക്കെ പരാതി വന്നിട്ടുണ്ട്. കഴിയുന്നിടത്തോളം ഷെഡ്യൂൾ ക്യാൻസലേഷൻ ഉണ്ടാകാതിരിക്കാനും യാത്രക്കാർക്ക് കൂടുതൽ സൗകര്യം ഉണ്ടാകാനും കൂടുതൽ ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ട്. അത് തുടരുകയാണ്.

ശ്രീ. കെ. മോഹൻകുമാർ: നേരിട്ടുള്ള അനുഭവത്തിലാണ് ഞാൻ പറഞ്ഞത്. മിനിഞ്ഞാന്ന് 10.30 മണിക്ക് ശേഷം വട്ടിയൂർക്കാവ്—പുളിയറക്കോണം റൂട്ടിൽ തുടരെത്തുടരെ മൂന്ന് ബസുകൾ മൂന്ന് മിനിട്ട് ഇടവേളയിൽ ഓടുന്നത് ഞാൻ തന്നെ നേരിട്ട് കണ്ടതാണ്. Global Positioning System അതുപോലെ Intelligence Transport System തുടങ്ങിയവ നടപ്പിലാക്കി കുറേക്കൂടി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് കേട്ടിരുന്നു. ഇപ്പോൾ അവയുടെ അവസ്ഥയെന്താണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇതിനിപ്പോൾ ഗ്ലോബലൈസേഷൻ സിസ്റ്റമൊന്നും ഏർപ്പെടുത്തണ്ട. അതിന് കോടിക്കണക്കിന് രൂപ ചെലവാണ്. അത് വഹിക്കാനുള്ള കഴിവ് കെ.എസ്.ആർ.ടി.സി.-ക്ക് ഇല്ല. ധാരാളം ബസ് റൂട്ടുകൾ ഉള്ള സ്ഥലത്ത് ചില വണ്ടികൾ 5 മിനിട്ട് താമസിച്ചാൽ ഒന്നും രണ്ടും വണ്ടികൾ ഒരുമിച്ച് പോകും. ഒരു വണ്ടിയേ ഉള്ളുവെങ്കിൽ പ്രശ്നമില്ല. എങ്കിലും സമയക്ലിപ്തത പാലിക്കാൻ ജീവനക്കാർ വളരെ കാര്യമായി ശ്രദ്ധിക്കുന്നുണ്ടെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. കൂടുതൽ ശ്രദ്ധിക്കാനുള്ള ഏർപ്പാടുണ്ടാക്കാം.

ശ്രീ. എ. കെ. മണി: കെ.എസ്.ആർ.ടി.സി. ലാഭകരമായി പ്രവർത്തിക്കുമെങ്കിൽ ജനങ്ങൾക്ക് ഈ വകുപ്പിനോട് വിശ്വാസമുണ്ടാകും. മന്ത്രിയുടെയോ ഗവൺമെന്റിന്റെയോ കുറ്റമല്ല. സ്വകാര്യ ബസ്സുകൾ ഓടാത്ത മേഖലകളിലെല്ലാം കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആ നടപടിയാണ് ഇപ്പോൾ സ്വീകരിക്കുന്നത്. സ്വകാര്യ ബസുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കുക എന്നുള്ളതാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നയം. നഷ്ടത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ഇതിന് തൊഴിലാളികളോ കെ.എസ്.ആർ.ടി.സി.-യോ അല്ല ഉത്തരവാദി. നമ്മൾ കൊടുത്തിരിക്കുന്ന കൺസെഷൻസ് വളരെ കൂടുതലാണ്. അത് കണക്കാക്കാൻ നമുക്ക് കഴിയുന്നില്ല. ഗവൺമെന്റ് വഹിക്കേണ്ട പ്രതിബദ്ധത മുഴുവൻ ഏറ്റെടുത്തിരിക്കുന്നത് കെ.എസ്.ആർ.ടി.സി.-യാണ്. ബഹുമാനപ്പെട്ട ദേവികുളം മെമ്പർ പറഞ്ഞ കാര്യം വളരെ ശരിയാണ്. ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. അതിന്റെ കാരണം ജീവനക്കാരോ കോർപ്പറേഷനോ അല്ല. നമ്മൾ ഏറ്റെടുത്തിരിക്കുന്ന സാമൂഹ്യമായ ബാദ്ധ്യതകൾ വളരെ കൂടുതലാണ്. അതുകൊണ്ടാണ് ഇത് കഴിയാതെ പോകുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)